


For registration and for downloading rules click below

https://form.jotform.com/hfckuwait/SMCA_GNK_2020

# Syro Malabar Cultural Association, Kuwait

*The Guardians of a Glorious Tradition*

(I.E. Reg: INDEMB/KWT/ASSN/121)

SMCA KUWAIT SILVER JUBILEE

# ആഗോള നസ്രാണി കലോത്സവം 2020

(ലോകമെമ്പാടുമുള്ള മലയാളി ക്രിസ്ത്യാനികൾക്കായി ഒരു ഓൺലൈൻ കലാമേള)

PART – 1

## പൊതുനിയമങ്ങൾ

**1.** SMCA Kuwaitന്റെ രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കപ്പെടുന്ന ഈ കലാമേളയിലെ മത്സരങ്ങൾ നസ്രാണി സംസ്കാരത്തെ അടിസ്ഥാനമാക്കി ആഗോളതലത്തിൽ ഓൺലൈനായി മലയാളത്തിൽ ആയിരിക്കും നടത്തപ്പെടുക.

**2.** താഴെ പറയുന്ന പ്രകാരം വിവിധ ഗ്രൂപ്പുകളിലായിരിക്കും മൽസരങ്ങൾ നടത്തപ്പെടുക.

| Group | Date of Birth from | Date of Birth to |
|---|---|---|
| **A** | 01-December-2013 | 30-November-2016 |
| **B** | 01-December-2010 | 30-November-2013 |
| **C** | 01-December-2007 | 30-November-2010 |
| **D** | 01-December-2002 | 30-November-2007 |
| **E** | On or before 30-November-2002 | |

**3.** ഗ്രൂപ്പുകളും ഇനങ്ങളും:

| Item | Item Name | Time limit | Group A | Group B | Group C | Group D | Group E |
|---|---|---|---|---|---|---|---|
| 1 | Single Dance- Christian Devotional | 5 Min | ✓ | ✓ | ✓ | ✓ | ✓ |
| 2 | Action Song | 3 Min | ✓ | | | | |
| 3 | Christian Devotional Song-Boys&Girls | 5 Min | | ✓ | ✓ | | |
| 4 | Christian Devotional Song - Male | 5 Min | | | | ✓ | ✓ |
| 5 | Christian Devotional Song - Female | 5 Min | | | | ✓ | ✓ |
| 6 | Elocution | 3 Min | ✓ | ✓ | | | |
| 7 | Elocution | 5 Min | | | ✓ | ✓ | ✓ |
| 8 | Bible Story Telling | 3 Min | ✓ | ✓ | | | |
| 9 | Bible Kadha Prasamgam | 15 Min | | | ✓ | ✓ | ✓ |
| 10 | Bible Mono Act | 5 Min | | | ✓ | ✓ | ✓ |
| 11 | Margamkali Song- Single | 7 Min | | | ✓ | ✓ | ✓ |
| 12 | Suriyani Song (Group) | 7 Min | Common for A, B, C & D Groups | | | | ✓ |

4. SMCA Kuwait വെബ്സൈറ്റിൽ (www.smcakuwait.org) പ്രസിദ്ധീകരിക്കുന്ന ഓൺലൈൻ അപേക്ഷാ ഫോറം ഉപയോഗിച്ച് മത്സരാർഥികൾ രജിസ്ട്രേഷൻ നടത്തേണ്ടതാണ്. ഒക്ടോബർ 31 മുതൽ നവംബർ 20, 11.59 PM കുവൈറ്റ് Time (Zone GMT+3, IST -2.5 hrs) വരെ രജിസ്ട്രേഷൻ സ്വീകരിക്കും. മത്സരാർഥിയുടെ ജന്മദിനം തെളിയിക്കുന്ന ഫോട്ടോ പതിച്ച ഗവണ്മെന്റ് അംഗീകൃത ID Card രജിസ്ടേഷൻ സമയത്ത് upload ചെയ്യേണ്ടതാണ്.

5. മത്സരാർഥിക്ക് തന്റെ ഗ്രൂപ്പിനായി നിർണയിക്കപ്പെട്ടിരിക്കുന്ന എല്ലാ മത്സരങ്ങളിലും പങ്കെടുക്കാവുന്നതാണ്.

6. സുറിയാനി സോങ്ങ് (ഗ്രൂപ്പ് ) മത്സരത്തിനായി ലീഡർ മാത്രം രജിസ്റ്റർ ചെയ്താൽ മതിയാകും.

7. രജിസ്ടേഷനിൽ എന്തെങ്കിലും കൃത്രിമം നടന്നു എന്ന് മൽസരത്തിനു മുമ്പ് തെളിയിക്കപ്പെട്ടാൽ പ്രസ്തുത മത്സരാർഥിയുടെ രജിസ്ട്രേഷൻ അസാധു ആകുന്നതാണ്. മൽസരത്തിന് ശേഷം കൃത്രിമം നടന്നു എന്ന് തെളിഞ്ഞാൽ പ്രസ്തുത മത്സരാർഥി അയോഗ്യനാക്കപ്പെടുകയും അടുത്ത സ്ഥാനത്തുള്ളവർക്ക് സ്ഥാനക്കയറ്റം നല്കപ്പെടുന്നതുമായിരിക്കും.

8. രജിസ്റ്റർ ചെയ്യുന്ന മത്സരാർഥിക്ക് ഒരു CHEST NUMBER നൽകുന്നതായിരിക്കും. അത് വീഡിയോയിൽ വ്യക്തമായി കാണുന്ന വിധത്തിൽ ധരിച്ചുവേണം മത്സരപ്രകടനം നടത്തുവാൻ.

9. പ്രകടനം വീഡിയോയായി റെക്കോർഡ് ചെയ്തു വേണം മത്സരത്തിനായി സമർപ്പിക്കേണ്ടത്. മൊബൈൽ ഫോൺ ക്യാമറ അടക്കം ഏതു ക്യാമറയും റെക്കോർഡിങ്ങിനുപയോഗിക്കാം. കലാപ്രകടനത്തിന്റെ വീഡിയോയോടൊപ്പം തൽസമയം തന്നെ വേണം ആവശ്യമായ എല്ലാ പശ്ചാത്തല ശബ്ദവും റെക്കോർഡ് ചെയ്യുവാൻ (ഉദാ:നൃത്തത്തിന്റെ പാട്ട്). സൗണ്ട് മിക്സ് ചെയ്തുചേർത്തതോ, തുടക്കത്തിലും അവസാനത്തിലുമുള്ള ട്രിമ്മിങ്ങ് അല്ലാതെ മറ്റേതെങ്കിലും രീതിയിൽ എഡിറ്റ് ചെയ്യപ്പെട്ടതോ ആയ വീഡിയോ മൽസരത്തിനു പരിഗണിക്കുന്നതല്ല. വീഡിയോ തിരശ്ചീനമായി (landascape) തന്നെ റെക്കോർഡ് ചെയ്യേണ്ടതാണ്. Selfie Mode ഉപയോഗിക്കാൻ പാടുള്ളതല്ല. റെക്കോർഡ് ചെയ്ത വീഡിയോയിൽ മത്സരാർഥികളല്ലാതെ മറ്റാരും ഉണ്ടാവരുത്. വീഡിയോയിൽ മത്സരാർഥികളുടെ വ്യക്തി വിവരങ്ങൾ വെളിപ്പെടുത്തുവാൻ പാടുള്ളതല്ല.

10. ഏതെങ്കിലും മത വിശ്വാസങ്ങൾക്കും, മത നേതാക്കൾക്കും എതിരെയുള്ളതോ രാജ്യങ്ങളേയും ഭരണാധികാരികളേയും അധിക്ഷേപിക്കുന്നതോ വിദ്വേഷം പരത്തുന്നതോ ആയ പ്രയോഗങ്ങളും പ്രകടനങ്ങളും അനുവദനീയമല്ല.

11. മത്സര എൻട്രി വീഡിയോകൾ സമർപ്പിക്കേണ്ട അവസാന സമയപരിധി 2020 ഡിസംബർ 15 രാത്രി 11.59 കുവൈറ്റ് സമയം (GMT+3, IST -2.5 hrs) ആയിരിക്കും.

12. മത്സര എൻട്രി വീഡിയോകൾ ഏതെങ്കിലും ഫയൽ ഷെയറിങ്ങ്, ഫയൽ ട്രാൻസ്ഫെർ പ്ലാറ്റ്ഫോം ഉപയോഗിച്ച് വേണം GNK2020@smcakuwait.org എന്ന ഈമെയിലിലേക്ക് അയക്കേണ്ടത്. (Suggested file transfer: Smash – https://fromsmash.com/ or We Transfer etc).

13. പ്രഗത്ഭരായ വിധികർത്താക്കൾ മൂല്യ നിർണയം നടത്തുന്നതും അവരുടെ തീരുമാനം അന്തിമവുമായിരിക്കും.

14. മത്സരഫലങ്ങൾ ജനുവരി 1, 2021 ന് നടത്തപ്പെടുന്ന **SMCA KUWAIT** രജതജൂബിലി സമാപന സമ്മേളനത്തിൽ പ്രഖ്യാപിക്കുന്നതാണ്. ഇതിന്റെ തൽസമയ സംപ്രേഷണം **SMCA KUWAIT** ഔദ്യോഗിക ഫേസ്ബുക്ക്/ യൂട്യൂബ് പേജിലൂടെ നല്കുന്നതുമാണ്.

15. ഓരോ ഗ്രൂപ്പിൽപ്പെട്ടവർക്കുള്ള ഇനങ്ങളും **( Refer rule 3)** മേൽ വിവരിച്ചിരിക്കുന്ന പൊതുനിയമങ്ങളും ഇതിനു തുടർച്ചയായി ചേർത്തിരിക്കുന്ന ഇനം തിരിച്ചുള്ള പ്രത്യേക നിയമങ്ങളും മത്സര പ്രകടനത്തിൽ മത്സരാർഥികൾ പാലിക്കേണ്ടതാണ്.

PART – 2 **ഇനം തിരിച്ചുള്ള മത്സരനിയമങ്ങൾ**

**1. നൃത്തം / Dance (Single)**

1. നൃത്തത്തിന് ഉപയോഗിക്കേണ്ടത് ഒരു മലയാളം ക്രിസ്തീയ ഭക്തിഗാനമായിരിക്കണം (Fusion songs are not allowed).
2. അവതരണ ശൈലി, മുഖഭാവം, താളം, ചമയം, വസ്ത്രാലങ്കാരം, ഗാനം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും മൂല്യനിർണ്ണയം നടത്തുന്നത്.
3. ആവശ്യമെങ്കിൽ Properties ഉപയോഗിക്കാവുന്നതാണ്.
4. സമയ പരിധി 5 മിനിറ്റാണ്.

**2. ആക്ഷൻ സോങ്ങ് മലയാളം /Action Song Malayalam**

1. അവതരിപ്പിക്കുന്ന ഗാനം ബൈബിൾ സന്ദേശങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം.
2. മത്സരപ്രകടനം നടത്തുമ്പോൾ മറ്റുള്ളവരിൽ നിന്നും യാതൊരുവിധ സഹായവും സ്വീകരിക്കുവാൻ പാടുള്ളതല്ല.
3. ഗാനം, ഗാനത്തിനു അനുയോജ്യമായ ആംഗ്യങ്ങൾ, അവതരണശൈലി, അക്ഷരസ്ഫുടത എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും മൂല്യനിർണ്ണയം നടത്തുക.
4. സമയ പരിധി 3 മിനിറ്റാണ്.

**3, 4, 5 ക്രിസ്തീയ ഭക്തിഗാനം / Christian Devotional Song (Boys & Girls/ Male / Female)**

1. അവതരിപ്പിക്കുന്ന ഗാനം മലയാളത്തിലുള്ള ക്രിസ്തീയ ഭക്തിഗാനം ആയിരിക്കണം.
2. പശ്ചാത്തലസംഗീതം ഉപയോഗിക്കാൻ പാടുള്ളതല്ല.
3. ശാസ്ത്രീയ സംഗീതം (Classical Song) അനുവദനീയമല്ല.
4. ഗാനം, ഗാനത്തിനു അനുയോജ്യമായ ആലാപന ശൈലി, ഭാവം, ശബ്ദസൗന്ദര്യം, ശ്രുതി, താളം എന്നിവയെ അടിസ്ഥാനമാക്കി ആയിരിക്കും മൂല്യനിർണ്ണയം നടത്തുക.
5. സമയ പരിധി 5 മിനിറ്റാണ്.

**6, 7 പ്രസംഗം - മലയാളം / Elocution - Malayalam**

1. ഒരോ ഗ്രൂപ്പിലും പെട്ടവർക്കായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന പ്രസംഗവിഷയങ്ങൾ:

| ഗ്രൂപ്പ് | വിഷയം |
|---|---|
| A | ബാലനായ ഈശോ |
| B | തിരുക്കുടുംബം നല്കുന്ന മാതൃക |
| C | വിശുദ്ധിയിലേക്കുള്ള വഴി |
| D | വചനം വഴികാട്ടി |
| E | കേരള ക്രിസ്ത്യാനികൾ നേരിടുന്ന വെല്ലുവിളികൾ |

2. മലയാളത്തിലാണ് പ്രസംഗം നടത്തേണ്ടത്.
3. വിഷയത്തോടുള്ള സമീപനവും വിഷയത്തിലുള്ള അറിവും, ശബ്ദം, ആംഗ്യം, ഭാഷ എന്നിവയുടെ ശരിയായ ഉപയോഗം, ആത്മവിശ്വാസം എന്നിവയുടെ അടിസ്ഥാനത്തിലാവും മൂല്യനിർണ്ണയം നടത്തുക.
4. സമയപരിധി : ഗ്രൂപ്പ് A & B - 3 മിനിറ്റ്, ഗ്രൂപ്പ് C, D & E - 5 മിനിറ്റ്.
5. ഗ്രൂപ്പ് E ലെ വിജയികളെ നിശ്ചയിക്കുന്നത് 2 ഘട്ടങ്ങളിലൂടെ ആയിരിക്കും. സമർപ്പിക്കപ്പെട്ട വീഡിയോയിലെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും ആദ്യ ഘട്ടത്തിലെ തിരഞ്ഞെടുപ്പ്. ആദ്യ ഘട്ടത്തിൽ യോഗ്യത നേടുന്ന മത്സരാർഥികൾക്കുവേണ്ടി ഒരു ഓൺലൈൻ തത്സമയമത്സരം രണ്ടാം ഘട്ടമായി നടത്തുന്നതാണ്. അതിനുള്ള വിഷയം ഓരോ മത്സരാർഥിക്കും തന്റെ അവസരത്തിനു 5 മിനിറ്റ് മുൻപ് നല്കുന്നതായിരിക്കും. ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ തിരഞ്ഞെടുക്കപ്പെടുന്നവരെ പ്രത്യേകം അറിയിക്കുന്നതാണ്.

**8. ബൈബിൾ സ്റ്റോറി ടെല്ലിങ്ങ് / Bible Story Telling**

1. ബൈബിൾ കഥകൾ മലയാളത്തിലാണ് അവതരിപ്പിക്കേണ്ടത്.
2. മത്സരപ്രകടനം നടത്തുമ്പോൾ മറ്റുള്ളവരിൽ നിന്നും ഒരു വിധത്തിലുള്ള സഹായവും സ്വീകരിക്കുവാൻ പാടുള്ളതല്ല.
3. കഥ, കഥയ്ക്ക് അനുയോജ്യമായ അവതരണശൈലി, അക്ഷരസ്ഫുടത എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും മൂല്യനിർണ്ണയം നടത്തുക.
4. സമയ പരിധി 3 മിനിറ്റാണ്.

**9. ബൈബിൾ കഥാപ്രസംഗം / Bible Kadha Prasamgam**

1. കഥാപ്രസംഗം ബൈബിൾ കഥകളെ ആസ്പദമാക്കി ഉള്ളവയായിരിക്കണം.
2. പിന്നണി/ഗായകർ/ വാദ്യോപകരണങ്ങൾ അനുവദനീയമല്ല. എന്നാൽ മത്സരാർഥിക്ക് ഏതെങ്കിലും ഒരു താളവാദ്യമോ ശ്രുതിയോ ഉപയോഗിക്കാവുന്നതാണ്.
3. കഥ, കഥയ്ക്ക് അനുയോജ്യമായ അവതരണശൈലി, അഭിനയം, ഗാനാലാപനം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും മൂല്യനിർണ്ണയം നടത്തുക.
4. സമയ പരിധി 15 മിനിറ്റാണ്.

**10. ബൈബിൾ ഏകാഭിനയം / Bible** Mono Act

1. ബൈബിളിൽ നിന്നുള്ള രംഗങ്ങൾ / സംഭവങ്ങൾ വേണം മോണൊ ആക്ട് ആയി അവതരിപ്പിക്കുവാൻ. കഥാപാത്രങ്ങളെ കൂട്ടിചേർക്കുവാനോ ആശയവ്യതിയാനം വരുത്തുവാനോ പാടുള്ളതല്ല.
2. പ്രോപ്പർട്ടികൾ അനുവദനീയമല്ല. എങ്കിലും, കഥാപാത്രമാറ്റം പ്രതിഫലിപ്പിക്കുന്നതിന് ഷാൾ പോലെ ഒരു തുണി ഉപയോഗിക്കാൻ അനുവാദം ഉണ്ടാവും.
3. തിരഞ്ഞെടുത്ത സംഭവം, അതിന്റെ രചനാഭംഗി, അവതരണശൈലി, അഭിനയം, എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും മൂല്യനിർണ്ണയം നടത്തുക.
4. സമയ പരിധി 5 മിനിറ്റാണ്.

**11. മാർഗ്ഗംകളി പാട്ടു മത്സരം / Margam kali Song (Single)**

1. മാർഗ്ഗംകളിയുടെ വന്ദനഗാനത്തോട് ഏതെങ്കിലും ഒരു പാദം പൂർണ്ണമായോ ഭാഗികമായോ കൂട്ടിച്ചേർത്ത് വേണം പാടുവാൻ.
2. മാർഗംകളിയുടെ ചമയങ്ങളും (costumes) ഇലത്താളവും ഉപയോഗിക്കേണ്ടതാണ്.
3. മറ്റു വാദ്യോപകരണങ്ങളോ ഏറ്റുപാടുന്നവരോ അനുവദനീയമല്ല.
4. ഗാനാലാപനത്തിന്റെ ശബ്ദം-താളം-ലയം-ഭക്തിഭാവം-ചമയം എന്നിവയെ അടിസ്ഥാനമാക്കിയാവും വിധിനിർണ്ണയം.
5. സമയ പരിധി 7 മിനിറ്റാണ്.

**12. സുറിയാനി പാട്ടു മത്സരം / Suriyani Song (Group of Min 3, Max 7)**

1. ആരാധനയ്ക്ക് ഉപയോഗിക്കുന്നതോ അല്ലാത്തതോ ആയ ഏതു സുറിയാനി ഭക്തിഗാനവും ആലപിക്കാം. സമയപരിധിക്കുള്ളിൽ ഒന്നിലേറെ ഗാനങ്ങൾ പൂർണമായോ ഭാഗികമായോ പാടാവുന്നതാണ്.
2. ഗ്രൂപ്പംഗങ്ങളിൽ കുറഞ്ഞത് 3 പേരെങ്കിലും ഗാനം ആലപിക്കേണ്ടതാണ്. സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നവർക്കും പാടാവുന്നതാണ്.
3. പരമ്പരാഗതമായ ഈണവും, പശ്ചാത്തലസംഗീതവും വേണം ഉപയോഗിക്കുവാൻ. തത്സമയം ഉപയോഗിക്കുന്ന കരോക്കെ അനുവദനീയമാണ്.
4. അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ നിന്ന് ആലപിക്കുന്ന ഗാനത്തെ സംബന്ധിച്ച് വളരെ ചെറിയ ഒരു പരിചയപ്പെടുത്തൽ മലയാളത്തിൽ നല്കേണ്ടതാണ്. വിധിനിർണ്ണയത്തിന് അതും പരിഗണിക്കുന്നതാണ്.
5. ഗാനാലാപനത്തിന്റെ ശബ്ദ സൗന്ദര്യവും താളം-ലയം-ഭാവം, ഗാനത്തെ പരിചയപ്പെടുത്തിയ രീതി എന്നിവയും അടിസ്ഥാനമാക്കിയാവും വിധിനിർണ്ണയം.
6. സമയ പരിധി 7 മിനിറ്റാണ്.

**WhatsApp your queries to :**


**Bijoy Palakunnel : + 965 9927 3123**
**Benny Perikilath : + 965 6661 7061**
**Baiju Joseph : + 965 9600 5247**